(എ) പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകൾക്ക് ഗ്രാന്റ് നൽകി വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാന്റ് നൽകുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ഏതൊക്കെ സാംസ്കാരിക സംഘടനകൾക്കാണ് ഗ്രാന്റ് നൽകുന്നതെന്നും ഗ്രാന്റ് തുക എത്രയാണെന്നും സംഘടനയുടെ പേരു സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ ചെയർമാനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് സാംസ്കാരിക സ്ഥാപനങ്ങൾക്ക് വാർഷിക ധനസഹായം നൽകി വരുന്നത്. ഇക്കൂട്ടത്തിൽ തലശ്ശേരി താലൂക്കിലെ സാംസ്കാരിക സംഘടനകൾ ഉൾപ്പെടുന്നില്ല.

സാംസ്കാരിക സംഘടനകളുടെ പേരും നൽകിയ ഗ്രാന്റു തുകയും സംബന്ധിച്ച വിവരങ്ങൾ

39 [4778] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട എന്നീ പഞ്ചായത്തുകളിലെ ഏതെങ്കിലും സാംസ്കാരിക സംഘടനകൾക്ക് ഗ്രാന്റ് നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സാംസ്കാരിക സംഘടനകളുടെ പേരും നൽകിയ ഗ്രാന്റു തുകയും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് വാർഷിക ധനസഹായത്തിനപേക്ഷിച്ച സാംസ്കാരിക സ്ഥാപനങ്ങളുടെ യോഗ്യതകൾ പരിശോധിച്ച് ശുപാർശ നൽകുവാൻ നിയോഗിക്കപ്പെട്ട ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ ചെയർമാനായ കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് സാംസ്കാരിക സ്ഥാപനങ്ങൾക്ക് വാർഷിക ധനസഹായം നൽകി വരുന്നത്. അക്കൂട്ടത്തിൽ ഈ പഞ്ചായത്തുകളിലെ സ്ഥാപനങ്ങൾ ഉൾപ്പെടുന്നില്ല.

പ്രൊഫഷണൽ നാടകരംഗത്തെ പ്രതിസന്ധി

40 [4779] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ നാടകരംഗം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ എത്ര പ്രൊഫഷണൽ നാടക ഗ്രൂപ്പുകളാണ് നാടകാവതരണം നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രംഗത്ത് എത്ര കലാകാരൻമാരും സാങ്കേതിക വിദഗ്ദ്ധരും പ്രവർത്തിക്കുന്നു എന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) പ്രൊഫഷണൽ നാടകഗ്രൂപ്പുകളെ സഹായിക്കാൻ എന്തൊക്കെ പരിപാടികളാണ് സർക്കാർ നടത്തി വരുന്നതെന്ന് വിശദമാക്കുമോ;

(ഇ) സാംസ്കാരിക മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ള നാടക സമിതികളെ രക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് ഈ രംഗത്തെ സംഘടനാ നേതാക്കളുടെയും ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും അക്കാദമി ഭാരവാഹികളുടെയും ഉന്നതതലയോഗം സർക്കാർ മുൻകൈയെടുത്തു വിളിച്ചു ചേർക്കുമോ;

(എഫ്) പ്രൊഫഷണൽ നാടകരംഗത്തെ പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 66.

(സി) വിവരം ലഭ്യമല്ല.

(ഡി) പ്രൊഫഷണൽ നാടകഗ്രൂപ്പുകൾക്ക് കേരള സംഗീത നാടക അക്കാദമി അംഗീകാരം നൽകുന്നുണ്ട്. പ്രൊഫഷണൽ നാടക മത്സര നിയമാവലിയനുസരിച്ച് അക്കാദമിയിൽ അംഗീകാരമുള്ള ഗ്രൂപ്പുകളെ ഉൾപ്പെടുത്തി സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം നടത്തി വിജയികൾക്ക് അവാർഡ് നൽകാറുണ്ട്.

(ഇ, എഫ്) സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാകുമെന്ന് പരിശോധിക്കാവുന്നതാണ്.

ക്ഷേത്രങ്ങളുടെ നടത്തിപ്പിനുള്ള വരുമാനം

41 [4781] ശ്രീ. വി. ബാലറാം:
" തേറമ്പിൽ രാമകൃഷ്ണൻ:
" പി. ജെ. ജോയി:
" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും കാര്യങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുന്നുണ്ടോയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly